# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

**Circular No.226**

**Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.**

Dearly beloved in the Lord,

We are duty-bound to help our clergy and family in their illness. The cost of medicine and treatment keep escalating day by day. Expenses for treatment have become prohibitively high. Clergy Medical fund is being collected to provide financial help to the clergy for medical treatment. This year the collection was made on June 7th. The amount collected through offertory from the respective parishes should be remitted fully in the Sabha Office if not already done.

A special scheme was introduced from October 1, 2005 for the medical aid of clergy. This scheme having no link with Insurance Companies and on completion of 10 years has incurred excess expenditure of over Rs.89 lakhs. It is to be specially noted that this excess expenditure has occurred even after the payment of a substantial amount by the Sabha for the clergy in active service against their payment of Rs.2500/- and Rs.2500/- by the Parish/Institution they serve and for the retired clergy against their payment of Rs.2000/-, who take membership in this scheme.

In view of the financial strain of the Church, it has been decided to review the present scheme. The Sabha Council has appointed a Committee to chalk out the new scheme and it will be effective from 01.04.2016. The present scheme will be continued for another six months (01.10.2015 – 31.03.2016) with the same membership fee and it will be succeeded by the new scheme from 01.04.2016. Accordingly, clergy in active service should remit Rs.5,000/- in the Sabha Office which includes the individual contribution of Rs.2,500/- and the equal share of Rs.2,500/- from the parishes or institutions they serve before September 30, 2015. If an achen is unable to renew his membership before the 30th September, the trustees of concerned parish/institution should deduct the share of contribution from the salary of vicar and remit the same along with the share of the Parish in the Sabha Office. (Ref: Circular Kalpana No.222 dated 22.04.2015). If the clergy is serving more than one parish, remittance should be made by each parish in proportion of the salary paid. Retired and incapacitated clergy should remit Rs.2,000/- as their share. The clergies serving in India and are members of the scheme are eligible to get Rs.25,000/- towards O.P. and Rs.75,000/- towards I.P. totaling Rs.1 lakh. It is obligatory on the part of all the clergies to become the members of this scheme by remitting the amount before **September 30th 2015**, without which no amount will be considered towards medical reimbursement. Therefore, it is mandatory that all the clergies should take membership in order that this scheme should be continued. Clergies and parish members are requested to send donations also for this cause.

Dearly beloved, let us pray that our clergy be sufficiently blessed and empowered in body, mind and spirit to serve in the Church and the world for the glory of God.

Grace be with you all.

Dated 1st August 2015 from Poolatheen, Tiruvalla

**Dr. Joseph Mar Thoma Metropolitan**

## മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 226**

**നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.**

**കർത്താവിൽ വാത്സല്യമുള്ളവരെ,**

നമ്മുടെ വൈദികരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ചികിത്സാ ചെലവുകൾ താങ്ങാവുന്നതിൽ അധികമാണ്. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിന് വേണ്ടിയാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. ഈ വർഷം അത് ജൂൺ 7—ാം തീയതി ആയിരുന്നു. ആ ഇടവകയിൽ ലഭിച്ച സ്തോത്രകാഴ്ച സഭാ ആഫീസിൽ അടച്ചിട്ടില്ല എങ്കിൽ എത്രയും വേഗം ആ തുക മുഴുവനായും അടയ്ക്കണം.

പട്ടക്കാരുടെ വൈദ്യസഹായത്തിനായി 2005 ഒക്ടോബർ 1 മുതൽ സഭ ഒരു പ്രത്യേക പദ്ധതി നടപ്പാക്കിവരികയാണ്. ഇൻഷുറൻസ് കമ്പനികളുമായി യാതൊരുവിധ ബന്ധവുമില്ലാതെ സ്വതന്ത്രമായി സഭ നടത്തുന്ന ഈ പദ്ധതി 10 വർഷം പിന്നിടുമ്പോൾ 89 ലക്ഷത്തിനുമേൽ രൂപാ അധിക ചെലവുണ്ടായിട്ടുണ്ട്. അംഗത്വം എടുക്കുന്ന സജീവസേവനത്തിലുള്ള ഒരു പട്ടക്കാരൻ 2500 രൂപയും അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വീകരിക്കുന്ന ഇടവകയോ സ്ഥാപനമോ 2500 രൂപയും സജീവസേവനത്തിലല്ലാത്ത ഒരു പട്ടക്കാരൻ 2000 രൂപയും സഭാ ആഫീസിൽ അടയ്ക്കുമ്പോൾ, ഈ പട്ടക്കാർക്കു വേണ്ടി സഭ ഒരു ഗണ്യമായ വിഹിതം നൽകിയതിനുശേഷമാണ് ഈ അധിക ചെലവ് ഉണ്ടായിരിക്കുന്നത്.

നിലവിലുള്ള പദ്ധതി തുടരുന്നത് സാമ്പത്തിക അസ്ഥിരതയിലേക്ക് സഭയെ നയിക്കുന്നതിനാൽ ആയത് പുനർക്രമീകരിക്കേണ്ടത് ആവശ്യമത്രെ. സഭാ കൗൺസിൽ ഇതിനെകുറിച്ച് പഠിക്കുന്നതിനായി ഒരു കമ്മറ്റിയെ നിയോഗിക്കുകയും പുതിയ ഒരു പദ്ധതി 01.04.2016 മുതൽ നിലവിൽവരുത്തുന്നതിനായി ആലോചിക്കുകയും ചെയ്യുന്നു. പുതിയ പദ്ധതി നിലവിൽവരുന്നതുവരെ 6 മാസത്തേക്ക്(01.10.2015 - 31.03.2016) നിലവിലുള്ള പദ്ധതി തുടരുന്നതും നിലവിലുള്ള അംഗത്വഫീസ് തന്നെ അടയ്ക്കേണ്ടതുമാണ്. സജീവ സേവനത്തിലുള്ള ഒരു പട്ടക്കാരൻ 5,000 രൂപയാണ് അംഗത്വഫീസായി അടക്കേണ്ടത്. ഇതിൽ 2,500 രൂപാ ബന്ധപ്പെട്ട ഇടവകയോ സ്ഥാപനമോ വഹിക്കേണ്ടതാണ്. ഒന്നിലധികം ഇടവകകൾ ഉണ്ടെങ്കിൽ ആനുപാതികമായി തങ്ങളുടെ വിഹിതം നൽകേണ്ടതാണ്. റിട്ടയർ ചെയ്തവരും, രോഗഗ്രസ്ഥരായി വിശ്രമിക്കുന്നവരുമായ പട്ടക്കാർ 2,000 രൂപാ അടച്ചാൽ മതിയാകും. അംഗത്വഫീസ് **2015 സെപ്റ്റംബർ 30—ന്** മുമ്പായി സഭാ ഓഫീസിൽ അടയ്ക്കണം. ഏതെങ്കിലും കാരണവശാൽ സെപ്റ്റംബർ 30-നകം അംഗത്വഫീസ് അടയ്ക്കാൻ പട്ടക്കാർക്ക് കഴിഞ്ഞില്ലെങ്കിൽ, ഇടവകയുടെ/സ്ഥാപനത്തിന്റെ ട്രസ്റ്റിമാർ പട്ടക്കാരുടെ ശമ്പളത്തിൽ നിന്നും അവരുടെ വിഹിതം ഈടാക്കി ഇടവകയുടെ വിഹിതം സഹിതം സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്.( **സർക്കുലർ കല്പന നമ്പർ 222** dt. **22.04.2015** ) ഒന്നിലധികം ഇടവകകളുള്ള പട്ടക്കാരുടെ ശമ്പളത്തിന്റെ അനുപാതത്തിൽ ഇടവക വിഹിതവും പട്ടക്കാരുടെ വിഹിതവും ക്ലിപ്തപ്പെടുത്താവുന്നതാണ്. അപ്രകാരം അംഗമാകുന്ന ഇൻഡ്യയിൽ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാർക്ക് ഒ.പി. ഇനത്തിൽ പരമാവധി 25,000 രൂപയും ഐ.പി. ഇനത്തിൽ 75,000 രൂപയും ഉൾപ്പെടെ ഒരു ലക്ഷം രൂപാവരെ ചികിത്സാ സഹായമായി ലഭിക്കുന്നതാണ്. എല്ലാ പട്ടക്കാരും നിർബന്ധമായി ഈ പദ്ധതിയിൽ ചേരേണ്ടതാണ്. അംഗമാകാത്ത പട്ടക്കാർക്ക് സഭയിൽ നിന്നും വൈദ്യ സഹായത്തിന് ആനുകൂല്യം ലഭിക്കുന്നതല്ല.

പ്രീയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2015 ആഗസ്റ്റ് 1 -ാം തീയതി,

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**